കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ എൻ എസ് സി ന്റെ  ഭാഗമായി പ്രോഗ്രാം ഓഫീസർമാർക്കായി ഒരു പരിശീലന പരിപാടി യൂണിവേഴ്സിറ്റി ആസ്ഥാനത്ത് വച്ച്  2026 ജനുവരി 20 ന് നടത്തുക ഉണ്ടായി.  തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള മേഖലയിലെ കോളേജുകളിലെ  60 ഓളം  എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാർ  പരിശീലന പരിപാടിയിൽ പങ്കെടുത്തു.

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല പ്രോ വൈസ് ചാൻസലർ ഡോ.സി പി വിജയൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. രജിസ്ട്രാർ ഡോ. എസ്  ഗോപകുമാർ അധ്യക്ഷനായ ചടങ്ങിൽ  പരീക്ഷ കൺട്രോളർ ഡോ.എസ് അനിൽകുമാർ, ഫിനാൻസ് ഓഫീസ് സുധീർ എം എസ്, വിദ്യാർത്ഥികാര്യ ഡീൻ ഡോ ആശിഷ് ആർ,  സ്റ്റേറ്റ് എൻ എസ് എസ് സെൽ ഓഫീസർ ഡോ ദേവിപ്രിയ ഡി, അക്കാദമിക് സ്റ്റാഫ് കോളേജ് ഡയറക്ടർ ഡോ.വി.വി ഉണ്ണികൃഷ്ണൻ എന്നിവർ സന്നിഹിതരായിരുന്നു.  ഡോ സണ്ണി എം എം ( ETI ട്രെയിനിങ് കോർഡിനേറ്റർ, കാലിക്കറ്റ്  സർവ്വ കലാശാല),  ഡോ ഇ എൻ ശിവദാസൻ ( പ്രോഗ്രാം കോർഡിനേറ്റർ മഹാത്മാ ഗാന്ധി സർവ്വ കലാശാല) എന്നിവർ  ക്ലാസ് നയിച്ചു.